പ്പായാലും സ്റ്റേറ്റ് പെൻഷനെ സംബന്ധിച്ചിടത്തോളം ട്രഷറിയിൽ പോകാതെ ഇപ്പോൾ മണി ഓഡറായിട്ടാണ് അയച്ചുകൊടുക്കുന്നത്. അതു കൊണ്ട് അത് ഒരിക്കലും ഒരുമാസവും മുടക്കംകൂടാതെ കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുന്നതായിരിക്കും.

III സബ്മിഷൻ

(1) പേപ്പട്ടി വിഷബാധയേറ്റു മരണമടഞ്ഞവർ

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : സർ, കോന്നി ഐരവൺ എന്ന സ്ഥലത്ത് പേപ്പട്ടി വിഷബാധയേറ്റ് ഏതാനും ദിവസം മുമ്പ് മൂന്നുപേർ മരണമടഞ്ഞു. അഞ്ചുപേർക്ക് വിഷബാധയേറ്റ് മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിലാണ്. ചന്ദ്രൻപിള്ള, രാജപ്പൻ, കൃഷ്ണൻ എന്നിവരാണ് മരിച്ചത്, അവരുടെ മുഖത്തും തലയിലും പട്ടികടിച്ച തിന്റെ വലിയമുറിവ് ഉണ്ടായിരുന്നു. തൊട്ടടുത്ത ദിവസം അവർ കോന്നി പി. എച്ച്. സെന്ററിൽ ചെന്നു. അവിടെ ചെന്നപ്പോൾ അവിടെ പേപ്പട്ടിവിഷത്തിനുള്ള വാക്സിൻ ഇല്ലായിരുന്നു. മരുന്ന് തിരുവനന്തപുരത്തു നിന്നും കൊണ്ടുവരണമെന്ന് പറഞ്ഞ്, രണ്ടുദിവസം കഴിഞ്ഞ് ചെല്ലാൻ പറഞ്ഞു. എന്നാൽ രണ്ടുദിവസം കഴിഞ്ഞു ചെന്നപ്പോഴും മരുന്ന് അവിടെ ഇല്ലായിരുന്നു. പട്ടികടിച്ച രാജപ്പനെയുംകൊണ്ടു പി. എച്ച്. സെന്ററിൽ നിന്ന് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലേക്ക് അയച്ചു. അതിനുള്ള ടാക്സിക്കൂലിയടക്കം രാജപ്പനിൽനിന്നും ഡോക്ടർ വാങ്ങിച്ചു. ഒടുവിൽ കുത്തിവയ്ക്കാനുള്ള മരുന്ന് അവിടെ കൊണ്ടുവന്ന് എല്ലാവരും കുത്തിവയ്പു നടത്തി. പിന്നാനും ദിവസം കഴിഞ്ഞപ്പോൾ വീണ്ടും രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി. വീണ്ടും ആശുപത്രിയിൽ ചെന്നപ്പോൾ സാരമില്ലെന്ന് പറഞ്ഞു. പിന്നീടായാലും അവരെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് അയച്ചു. ജനറൽ ആശുപത്രിയിൽ വന്ന് അടുത്തദിവസം തന്നെ അവരെ മെഡിക്കൽകോളേജാശുപത്രിയിലേക്ക് റഫർ ചെയ്തുവെങ്കിലും ചന്ദ്രൻപിള്ളയും രാജപ്പനും അടുത്തദിവസം തന്നെ മരണമടഞ്ഞു. അതിനു ശേഷം കൃഷ്ണനെ മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ കൃഷ്ണനും മരിച്ചു. തികച്ചും നിരുത്തരവാദപരമായ രീതിയിലാണ് പി. എച്ച്. സെന്ററിലെ ഡോക്ടർ പെരുമാറിയത്. വിഷബാധയേറ്റിരുന്ന ആളിനെയാണ് പ്യൂണിനോടൊപ്പം പേപ്പട്ടിവിഷത്തിനു പരിഹാരം കാണുന്നതിനുള്ള വാക്സിൻ വാങ്ങുന്നതിന് പറഞ്ഞയച്ചത്. ടാക്സിക്കൂലിയടക്കമുള്ള തുകയും വാങ്ങിച്ചു. അതോടൊപ്പം തന്നെ ഐസ്-ബോക്സിൽ വളരെ സുരക്ഷിതമായി കൊണ്ടുവരേണ്ട വാക്സിൻ അറൻഡറുടെ ബാഗിലാണ് കൊണ്ടുവന്നത്. ഇത് ഫ്രീസറിൽ വച്ചില്ല. ഫ്രീസർ വർക്കുചെയ്യുന്നില്ലായിരുന്നു. ഈ ഗവൺമെന്റാശുപത്രിയിൽ മെഡിക്കൽ കോളേജിൽ വേണ്ട വിധത്തിൽ രോഗം കണ്ടുപിടിച്ച് ചികിൽസിച്ചില്ലെന്നുള്ളതാണു പരമാർത്ഥം. പോസ്റ്റുമാർട്ടം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടും അതിന് തയ്യാറായില്ല. ഇതുപോലെതന്നെ മനുഷ്യജീവനു് അൽപംപോലും വിലകൽപ്പിക്കാതെ, വളരെ മനുഷ്യത്വരഹിതമായ നിലയിലുള്ള പ്രവർത്തനമാണ് ഈ സംഭവത്തിൽ നടന്നിട്ടുള്ളത്. ആ ഡോക്ടർ ആരായാലും അയാളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം. മരിച്ചുപോയ കൃഷ്ണനു് കിടപ്പാടം പോലുമില്ല. ഒരു ബന്ധുവിന്റെ വീട്ടിലാണ് അയാൾ താമസിച്ചിരുന്നത്. നിരാധാരമായ അയാളുടെ കുടുംബത്തിനു് ന്യായമായ രീതിയിലുള്ള നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. കെ. എസ്. ആർ. ടി. സി.

LIBRARY ARCHIVES Kerala Legislative Assembly

യിലെ ജീവനക്കാരനായിരുന്നു ചന്ദ്രൻപിള്ള. ചന്ദ്രൻപിള്ളക്ക് ഭാര്യയും രണ്ടു പിഞ്ചു കുഞ്ഞുങ്ങളുമാണുള്ളത്. രാജപ്പൻ ആ കുടുംബം സപ്പോർട്ട് ചെയ്തിരുന്ന ആളാണ്. അതുകൊണ്ട് ഈ കുടുംബങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം കൊടുക്കണം. ഇക്കാര്യങ്ങളെ സംബന്ധിച്ച് വളരെ അടിയന്തിരമായ രീതിയിൽ അന്വേഷണം നടത്തണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ വിവരം അറിഞ്ഞയുടൻ തന്നെ ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണത്തിനായി വയ്ക്കുകയുണ്ടായി. 19-ാം തീയതിയാണ് പേപ്പട്ടി ഇവരെ കടിച്ചത്. ചന്ദ്രൻ നായരുടെ പട്ടിയാണ് കടിച്ചത്. 4 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഈ പറഞ്ഞ സംഭവം 21-ാം തീയതിയാണ് നടന്നത്. 19-ാം തീയതി പട്ടികടിച്ചിട്ടു പി. എച്ച്. സെന്ററിൽ വന്നു റിപ്പോർട്ടു ചെയ്തത് 21-ാം തീയതിയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെ വാക്സിൻ ഇല്ലാതിരുന്നതുകൊണ്ട് ഉടൻതന്നെ തിരുവനന്തപുരത്തേക്കു അയച്ചു. വാക്സിൻ കൊണ്ടുവന്നു. 22-ാം തീയതി ഇവരെ കുത്തിവച്ചു. അതിൽ മാളായ രാജപ്പൻ എന്നയാളിന്റെ മുഖത്തും കൈയിലും കാര്യമായിട്ടുള്ള പരിക്കുണ്ടായിരുന്നതുകൊണ്ട് അതിനുള്ള ഇൻജക്ഷൻ മെഡിക്കൽകോളേജുശുപത്രിയിൽ വച്ച് ചെയ്യിച്ചു. അതിന് പ്രത്യേകമായിട്ടുള്ള വാക്സിൻ കൂടി ചേർത്തു കൊടുക്കേണ്ടതുള്ളതുകൊണ്ട് അയാളെ തിരുവനന്തപുരം മെഡിക്കൽകോളേജാശുപത്രിയിൽ കൊണ്ടുവന്നു. ഇൻജക്ഷനുചെയ്യേണ്ടതായി വന്നു. അതിനുശേഷം രാജപ്പനും മരിക്കുകയാണുണ്ടായത്. ഇവർക്ക് രണ്ടാമത്തെ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. അന്നുതന്നെ പേപ്പട്ടിയുടെ കടിയേറ്റ മറ്റു ചിലയാളുകളും വന്നു. അവർ പരിഭ്രാന്തരായിരുന്നു. അതുകൊണ്ട് അവരെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുപോയി. അവരെ പ്രത്യേകമായ പരിശോധനയിൽ വച്ചിരിക്കുകയാണ് ചെയ്തത്. അവർക്ക് ആവശ്യമായ ചികിൽസയെല്ലാം കൊടുത്ത് പിന്നീട് വിട്ടയച്ചു.

ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയതിൽനിന്നും ഒരു കാര്യം മനസ്സിലാക്കാൻ സാധിച്ചത്, പേപ്പട്ടിവിഷബാധയേറ്റതിനുശേഷം ചില പഥ്യങ്ങൾ ആചരിക്കാനുണ്ടായിരുന്നുവെന്നാണ്. അത് ഈ മരണമടഞ്ഞവർ രണ്ടുപേരും ആചരിച്ചില്ലെന്നാണ് ആ റിപ്പോർട്ടിൽ കാണുന്നത്. പ്രാഥമികമായ റിപ്പോർട്ട് കിട്ടിയതിൽനിന്നും അവിടത്തെ ഡിസ്പെൻസറിയിലെ ഭാരവാഹികളുടെയോ മരുന്നിന്റെയോ പ്രത്യേകത കൊണ്ടല്ല, മരണം സംഭവിച്ചതെന്നാണ് കാണുന്നത്. ഇനിയെങ്കിലും ഭാവിയിൽ യാതൊരു അപകടവും ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. ആ ഡോക്ടറെ അവിടെനിന്നും സ്ഥലംമാറ്റി. ആവശ്യമായ അന്വേഷണം നടത്തുന്നുണ്ട്.

(2) പുന്നമൂട് ഹൈസ്ക്കൂളിന്റെ ദുരവസ്ഥ

ശ്രീ. എൻ. ശക്തൻ നാടാർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പുന്നമൂട് ഗവൺമെന്റ് ഹൈസ്ക്കൂളിൽ ക്ലാസ് മുറികൾ ഇല്ലാത്തതു കാരണം, മൂന്നു ഷിഫ്റ്റുകളിലായിട്ടാണ് ഇപ്പോൾ ക്ലാസുകൾ നടക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ, ഏറ്റവും നല്ല ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ ഒന്നായ ഈ സ്ക്കൂളിലെ 69 ഡിവിഷനുകളിലായി 2896 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 84 അദ്ധ്യാപകരുമുണ്ട്. ഇത്രയും ക്ലാസുകൾ നടത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly